For circulation among believers only

RNI Reg No. **KERMAL/2009/31779**
Annual Subscription Rs. 50

If undelivered, please return to
**Renewal Athmika Puthukkathine**
PB No. 2665, Shanmugham Road P.O,
Broadway, Ernakualm, Cochin 682031

ആത്മീക പുതുക്കത്തിന്

വാല്യം - 3 | ലക്കം - 2 | ജൂലൈ 2012

# മംഗോളിയയിൽ നിന്നൊരു കത്ത്

ചൈനയുടെയും റഷ്യയുടെയും മദ്ധ്യത്തിൽ അധികമാരും അറിയാത്ത "ദുരൂഹതകളുടെ നാട്" അഥവാ "നീലാകാശങ്ങളുടെ നാട്" എന്നു പറയപ്പെടുന്ന രാജ്യമാണ് മംഗോളിയ. 13-ാം നൂറ്റാണ്ടിൽ ലോകം കണ്ടതിൽ വച്ചേറ്റവും വലിയ സാമ്രാജ്യമായ മംഗോളിയൻ സാമ്രാജ്യം കെട്ടിപ്പടുത്തത് കുപ്രസിദ്ധ ചക്രവർത്തിയായ ചെങ്കിഷ്ഖാനായിരുന്നു. റോമൻ സാമ്രാജ്യത്തിന്റെ 200 വർഷം കൊണ്ടാണ് അതിന്റെ പാരമ്യത്തിലെത്തിയെങ്കിലും ചെങ്കിഷ്ഖാന്റെ സൈനിക തന്ത്രങ്ങൾ മൂലം 1206 നും 1227 നും ഇടയ്ക്ക് റോമക്കാരുടെ നാലിരട്ടി വിസ്തൃതിയുള്ളതായിത്തീർന്നു. 1270 ഓടുകൂടി വടക്കേ അമേരിക്കയെ മുഴുവനായി എടുത്താൽ അതിലും വലുതായിരുന്നു.

ഭാരതത്തിലെ മുഗൾ ചക്രവർത്തിമാർ ചെങ്കിഷ്ഖാന്റെ പിൻതലമുറക്കാരാണ്. വിശാലമായ ഭൂപ്രദേശങ്ങളും, മഞ്ഞു പുതച്ച മലകളും, കാടുകളും, മരുഭൂമികളും നദികളും, തടാകങ്ങളും എല്ലാം നിറഞ്ഞ മംഗോളിയയിൽ $40^0$.ഇ മുതൽ $+25^0$.ഇ ചിലപ്പോൾ $-50^0$ $+50^0$) വരെയുള്ള കാലാവസ്ഥയാണ്. തണുപ്പിന്റെയും ചൂടിന്റെയും ആധിക്യം വ്യത്യസ്ഥ സമയങ്ങളിൽ ഉള്ളതുകൊണ്ട് തണുപ്പുള്ളപ്പോൾ പാൽ റാത്തൽ കണക്കിനും ചൂടുള്ളപ്പോൾ ബട്ടർ കുപ്പിയിലും വാങ്ങാമെന്ന് ആളുകൾ പറയാറുണ്ട്. നാടോടികളുടെ നാട്ടിലെ പരമ്പരാഗതമായ ആതിഥ്യമര്യാദ പ്രസിദ്ധമാണ്.

ലോകത്തിന് മംഗോളിയ ശ്രദ്ധേയമായ പല സംഭാവനകളും നൽകിയിട്ടുണ്ട്. ആദ്യമായി പേപ്പർ കറൻസി, പോസ്റ്റൽ സിസ്റ്റം, നയതന്ത്ര പരിരക്ഷ എന്നിവ മംഗോളിയയാണ് ലോകത്തു നടപ്പാക്കിയത്.

ചൈനക്കാരുടെയും റഷ്യക്കാരുടെയും അനവധി ആക്രമണങ്ങൾ 19,20 നൂറ്റാണ്ടുകളിൽ ഉണ്ടായിട്ടുണ്ട്. 1980ലെ റഷ്യയിലെ മാറ്റങ്ങളെ തുടർന്ന് റഷ്യയുടെ ഉപഗ്രഹ രാജ്യമായി മംഗോളിയ തുടരുകയായിരുന്നു. ഇപ്പോൾ മംഗോളിയ ശരിക്കും ഒരു സ്വതന്ത്ര ജനാധിപത്യ രാജ്യമാണ്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുള്ള ഈ രാജ്യം ജീവിക്കാൻ സുരക്ഷിതമായ ഒരു സ്ഥലമാണിപ്പോൾ. റഷ്യയുടെ ചൈനയുടെയും മദ്ധ്യത്തിൽ തന്ത്രപ്രധാനമായ സ്ഥാനം മംഗോളിയക്കുള്ളതുകൊണ്ട് രാജ്യം സ്വതന്ത്രമായപ്പോൾ ആദ്യം അവരെ അംഗീകരിച്ച രാജ്യങ്ങളിലൊന്ന് ഇൻഡ്യയായിരുന്നു. ഏതാണ്ട് 100 ഇൻഡ്യക്കാരേ ഉള്ളെങ്കിലും നമ്മുടെ എംബസി അവിടെയുണ്ട്. കഴിഞ്ഞ വർഷം നമ്മുടെ രാഷ്ട്രപതിയായിരുന്ന പ്രതിഭാ പാട്ടീൽ മംഗോളിയ സന്ദർശിച്ചിരുന്നു. മംഗോളിയയുടെ ഉൾപ്രദേശങ്ങളിൽ ആളുകൾ പൊതുവേ നാടോടി സംസ്കാരത്തിൽ ജീവിക്കുന്നവരായതുകൊണ്ട് ഗെർ (ഏലൃ) എന്നു പറയപ്പെടുന്ന വൃത്താകൃതിയിലുള്ള ടെന്റുകളിൽ കഴിയുന്നവരാണെങ്കിലും കുതിരപ്പുറത്തു കന്നുകാലികളെ മേയ്ക്കുന്നവരും മൊബൈൽ ഫോണിൽ സംസാരിക്കുന്നതു കാണാം കടുത്ത കാലാവസ്ഥയോടു മല്ലിടുന്ന ദരിദ്രരായ ആട്ടിടയരും കന്നുകാലികളെ മേയ്ക്കുന്നവരുമാണ് ഭൂരിപക്ഷം ആളുകളും. ഒരു ദിവസം അവരുടെ ശരാശരി വരുമാനം ഒന്നര യു.എസ് ഡോളർ മാത്രമാണ്. എങ്കിലും മംഗോളിയയുടെ തലസ്ഥാനമായ ഉലാൻബാറ്റർ അമേരിക്കയിലെ മാൻഹട്ടൻ നഗരത്തോടും അംബരചുംബികളോടും കിടപിടിക്കുന്ന തരത്തിലാണ്. പ്രാദേശികർ ശരിക്കും പാശ്ചാത്യ ശൈലിയിലാണിവിടെ ജീവിക്കുന്നത്.

**ഈ അപരിചിത രാജ്യത്തെ വിശ്വാസികൾക്ക് പരിചയപ്പെടുത്തുകയാണ് സഹോദരൻ ടൈറ്റസ് ഈപ്പൻ. കൊച്ചിൻ റിഫൈനറിയിൽ ചീഫ് ഇൻഫർമേഷൻ ഓഫീസറായി വിരമിച്ച ശേഷം ഒരു പ്രമുഖ ഓയിൽ കമ്പനിയുടെ ചീഫ് കൺസൾട്ടന്റായി പ്രവർത്തിക്കുന്നു. സഹോദരൻ ഐ.ടി പ്രഫഷനലാണ്.**




ജനസംഖ്യാ വർദ്ധനവ് പ്രോത്സാഹിപ്പിക്കുന്ന മംഗോളിയൻ ഗവൺമെന്റ് 3 മക്കളിൽ കൂടുതൽ ഉള്ള അമ്മമാർക്ക്, മദേഴ്സ് & ചിൽഡ്രൻസ് ഡേ' ആഘോഷത്തിൽ മെഡലുകൾ സമ്മാനിക്കാറുണ്ട്. അവിവാഹിതരായ അമ്മമാർ സർവ്വ സാധാരണമാണ്. ഔദ്യോഗിക വിവാഹങ്ങൾ അപൂർവ്വം. ഒരുമിച്ച് ജീവിക്കുക എന്ന ക്രമീകരണമാണ് മിക്കവാറും. ബന്ധങ്ങൾ വേർപിരിയുന്നത് സാധാരണമായ ഒരു കാര്യം. കുടുംബം വേർപിരിഞ്ഞാൽ മക്കളെ വളർത്തുന്ന ചുമതല അമ്മമാർക്കാണ്. മംഗോളിയൻ സംസ്കാരത്തിൽ പുരുഷന്മാരെക്കാൾ സ്ത്രീകൾക്കാണ് മേൽക്കൈ.

മംഗോളിയക്കാർ മതപരമായി നോക്കിയാൽ തുറന്ന നീലാകാശത്തെ ദൈവമായി കാണുന്നവരും ഭൂതങ്ങളെയും ആത്മാക്കളെയും ആരാധിക്കുന്നവരുമായിരുന്നു പാരമ്പര്യമായി ഇപ്പോഴത്തെ മതങ്ങൾ ടിബറ്റൻ ബുദ്ധമതം, മുസ്ലീം, ക്രിസ്ത്യൻ, ഷമാനിസം എന്നിവയാണ് 28 ലക്ഷം ആളുകൾ മാത്രമുള്ള രാജ്യത്തെ ജനസംഖ്യയിൽ 2 ശതമാനം മാത്രമാണ് ക്രിസ്ത്യാനികൾ.


*ലേഖകൻ അടുത്ത സമയത്ത് സ്നാനപ്പെട്ട യുവജനങ്ങളോടൊപ്പം സഭയിൽ.*


അത്യധികമായ നിലയിൽ മതസ്വാതന്ത്ര്യം മംഗോളിയയിലുണ്ട്. കാരണം ഒരാളിന്റെ വിശ്വാസം എന്താണെന്നത് മറ്റൊരാൾക്കു പ്രശ്നമേയല്ല. ഒരു തടസ്സവുമില്ലാതെ നിങ്ങളുടെ മതം പ്രചരിപ്പിക്കയോ പ്രാക്ടീസ് ചെയ്യുകയോ ആവാം. ആളുകൾ പൊതുവേ വളരെ സൗഹൃദമുള്ളവരും നല്ല പ്രതികരണമുള്ളവരുമാണ്. ഗവർമെന്റ് നിയമമനുസരിച്ച് സഭകൾ രജിസ്റ്റർ ചെയ്യണം. വിദേശ മിഷണറിമാർക്ക് മറ്റേതു ജോലി പോലെയും വർക്ക് പെർമിറ്റുകൾ വേണം. മിഷണറിമാർക്ക് പെർമിറ്റ് കിട്ടുവാൻ ബുദ്ധിമുട്ടായതിനാൽ വികസന പ്രവർത്തനങ്ങളിലും മറ്റും ഏർപ്പെടുന്ന എൻ.ജി.ഒ യുടെ ഭാഗമായിട്ടാണ് വരുന്നത്. ചുരുക്കം ചില മിഷണറിമാർ നഗരങ്ങളിലും അടുത്ത ചുറ്റുപാടുകളിലുമായി പ്രവർത്തിക്കുന്നു.

പുതിയ നിയമ മാതൃകയിലുള്ള പ്രാദേശിക സഭകൾ മംഗോളിയയിൽ വളരെ ചുരുക്കമാണ്. മിഷണറിമാർ ആരംഭിച്ചതെങ്കിലും പ്രാദേശിക നേതൃത്വത്താൽ ഭരിക്കപ്പെടുന്നവയാണ് ഇപ്പോൾ. ഐക്യുമിനിക്കൽ ഇന്റർഡിനോമിനേഷണൽ കോൺഗ്രിഗേഷൻ തലസ്ഥാനത്ത് ഞായറാഴ്ച വൈകിട്ട് കൂടിവരുന്നുണ്ട്. ഏതാണ്ട് 500 ഓളം പേർ വരും. മംഗോളിയയുടെ ഉൾപ്രദേശങ്ങളിൽ സുവിശേഷം കടന്നു ചെന്നിട്ടില്ല. യാത്രയ്ക്ക് ദുർഘടവും

*ശേഷം 2-ാം പേജിൽ*

## സിറിയയിലെ ക്രിസ്ത്യാനികൾക്കായി പ്രാർത്ഥിക്കുക


ആഭ്യന്തര യുദ്ധം രൂക്ഷമായിരിക്കുന്ന സിറിയയിൽ ക്രിസ്ത്യാനികൾ കടുത്ത വിഷമ സന്ധിയിൽ. ഷിയ ഗ്രൂപ്പിൽപെടുന്ന പ്രസിഡണ്ട് ബാഷർ അൽ അസദിനെതിരെ സുന്നി വിഭാഗത്തിൽപ്പെട്ടവരാണ് പ്രക്ഷോഭം നടത്തുന്നത്. വിമത വിഭാഗം ജയിച്ചാൽ ഇപ്പോഴത്തേതിലും





വലിയ പ്രയാസമുണ്ടാകുമെന്ന് സിറിയയിലുള്ള 10 ശതമാനം വരുന്ന ക്രിസ്ത്യാനികൾ ഭയപ്പെടുന്നു. ആരെയും പരസ്യമായി അനുകൂലിക്കാൻ വയ്യാത്ത ഒരവസ്ഥയാണ്. ബോംബിംഗിൽ പല പള്ളികൾക്കും കാര്യമായ കേടു പറ്റിയിട്ടുണ്ട്. ക്രിസ്ത്യാനികൾ കൂടുതലുള്ള അലപ്പോ നഗരത്തിലാണ് ഇപ്പോൾ വലിയ യുദ്ധം നടക്കുന്നത്. വളരെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

## അമേരിക്കയുടെ ധാർമ്മിക തകർച്ച

അമേരിക്കൻ പ്രസിഡണ്ട് ഒബാമ സ്വവർഗ്ഗ വിവാഹത്തെ അനുകൂലിച്ചതോടെ ഗുരുതരമായ ധാർമ്മിക തകർച്ചയിലേക്ക് അമേരിക്ക 'ഔദ്യോഗികമായി' നിലംപതിക്കുകയാണ്. അടുത്ത് നവംബർ ആറിനു നടക്കുന്ന അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഇതൊരു മുഖ്യവിഷയമായിരിക്കും. മിറ്റ് റോമ്നിയാണ് ഒബാമയുടെ എതിരാളി. തൊട്ടു പിന്നാലെയാണ് ഡെമോക്രാറ്റിക് പാർട്ടിയുടെ യു.എസ്. കോൺഗ്രസ്സ് അംഗം 72 വയസ്സുള്ള ബാർണി ഫ്രാങ്ക് എന്ന പുരുഷൻ 42 വയസ്സുള്ള ജിം റെഡി എന്ന പുരുഷനെ 'വിവാഹം' കഴിച്ചത്. 2007 മുതൽ അവർ ഒരുമിച്ച് ജീവിക്കുകയായിരുന്നു. ഈ വിവാഹത്തിന് കാർമ്മികത്വം വഹിച്ചതോ? മസ്സാച്ചുസെറ്റ്സ് ഗവർണർ ഡേവൽ പാട്രിക്ക്. പദവിയിലിരിക്കേ ആദ്യമായാണ് ഒരു കോൺഗ്രസ്സംഗം സ്വവർഗ്ഗ വിവാഹത്തിലേർപ്പെടുന്നത്. രണ്ടു ദിവസം കഴിഞ്ഞപ്പോൾ 20 ലക്ഷം വിശ്വാസികളുള്ള യു.എസ്. എപ്പിസ്കോപ്പൽ സഭ


*ഒബാമ*


*റോമ്നി*

സ്വവർഗ്ഗ വിവാഹം അംഗീകരിച്ചതായി ഞെട്ടിപ്പിക്കുന്ന വാർത്ത പുറത്തു വന്നു. ഇത്തരം വിവാഹങ്ങളെ ആശിർവദിക്കാനുള്ള 'ശുശ്രൂഷാ' ക്രമങ്ങൾക്കും സഭയുടെ ബിഷപ്പുമാരുടെ യോഗം രൂപം നൽകിയ വിവരം പത്രങ്ങളാണ് റിപ്പോർട്ട് ചെയ്തത്. അന്ത്യകാലത്തിന്റെ അവസാന നാളുകളായെന്ന സൂചന നൽകുന്ന ഈ വാർത്തകൾ കേൾക്കുമ്പോൾ ദൈവമക്കൾ ശ്രദ്ധയോടെ പ്രാർത്ഥിക്കാൻ കടപ്പെട്ടവരാണ്. അമേരിക്കയുടെ നേതൃത്വം ദൈവത്തെ ഭയപ്പെടുവാൻ ഇടയാകട്ടെ.

# ചൈൽഡ് ഇവാഞ്ചലിസം ക്യാപ്സ്യൂൾ ട്രെയിനിംഗ് പ്രോഗ്രാം

പോൾ - തിമോത്തി ഇൻസ്റ്റിറ്റ്യൂട്ട്, കുറ്റപ്പുഴ, തിരുവല്ല

2012 ആഗസ്റ്റ് 26 ഞായർ വൈകിട്ട് 7 മുതൽ 29 ബുധൻ ഉച്ചവരെ (ഓണാവധിയുടെ ആദ്യ ദിവസങ്ങൾ).


സണ്ടേസ്കൂൾ അദ്ധ്യാപകർ, വിശ്വാസികളായ മാതാപിതാക്കൾ, സുവിശേഷ പ്രവർത്തകർ, കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന സഹോദരീ സഹോദരന്മാർ.... ഇവർക്കുവേണ്ടി പ്രാദേശിക ബ്രദ്റൻ സഭകളിൽ ആദ്യമായി വി.ബി.എസ് സിലബസ് പ്രസിദ്ധീകരിച്ച ചൈൽഡ് ഇവാൻജലിസം മിനിസ്ട്രി പ്രത്യേകമായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടി. രജിസ്റ്റർ ചെയ്യുന്നതിന് C.E.M, P.O Box 4, Kuttapuzha, Tiruvalla-689103,Tel:9447360417, 9745017815

- വർക്ക്ഷോപ്പുകൾ
- മാതൃകാ ക്ലാസ്സുകൾ
- പപ്പറ്റ്ഷോ

പഠനവിഷയങ്ങൾ:- ദർശനം പങ്കുവയ്ക്കൽ, കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങളുടെ ആവശ്യകത, വേദപുസ്തകാടിസ്ഥാനം, ഒരു കുട്ടിയെ കർത്താവിങ്കലേക്കു നയിക്കുന്നതെങ്ങനെ?, ചൈൽഡ് സൈക്കോളജി, വാക്യങ്ങൾ പാട്ടുകൾ ഇവ രസകരമായി എങ്ങനെ പഠിപ്പിക്കാം? കുട്ടികളുടെ പഠന വൈകല്യങ്ങളെ എങ്ങനെ അതിജീവിക്കാം, ദൃശ്യോപകരണങ്ങൾ എങ്ങനെ എളുപ്പത്തിൽ ഉണ്ടാക്കാം, ഉപയോഗിക്കുന്നതെങ്ങനെ? പപ്പറ്റ് മിനിസ്ട്രിയുടെ സാദ്ധ്യതകൾ, റിവ്യു ഗെയിംസ്, സണ്ടേസ്കൂൾ, ചിൽഡ്രൻസ് ക്ലബ്ബ്, വി.ബി.എസ്. എങ്ങനെ മെച്ചപ്പെടുത്താം....

ഫീസ്:- ഒരാൾക്ക് 450 രൂപയോളം ചെലവ് വരും. സാമ്പത്തികം മാത്രം തടസ്സമാകരുത് എന്നതിനാൽ നിർബന്ധ ഫീസില്ല. അവരവരുടെ പ്രാപ്തിപോലെ 'ഫെയിത്ത് ബോക്സിൽ' നിക്ഷേപിക്കാം.

പേര്, വിലാസം, ഫോൺ നമ്പർ, സ്ഥലം സഭ ഇവ എഴുതി അയക്കുകയോ 9447360417, 0469 2618150 എന്നീ ടെലിഫോൺ നമ്പരുകളിൽ അറിയിക്കുകയോ ചെയ്യുക.



*നമ്മുടെ രാഷ്ട്രപതി ശ്രീ. പ്രണബ് കുമാർ മുഖർജി ചീഫ് ജസ്റ്റിസ് എസ്. എച്ച് കപാഡിയ മുൻപാകെ സത്യ പ്രതിജ്ഞ ചെയ്യുന്നു. ഭരണാധികാരികൾക്കായി നമുക്ക് പ്രാർത്ഥിക്കാം.*

# മംഗോളിയയിൽ...

1-ാം പേജിൽ നിന്ന് തുടർച്ച

വർഷത്തിൽ മിക്ക സമയവും കൊടും തണുപ്പും ജീവിക്കാൻ പറ്റാത്ത സാഹചര്യങ്ങളും ഉള്ളതാണ് ഉൾപ്രദേശം. ഇങ്ങനെയുള്ള സ്ഥലങ്ങളിലേക്ക് പോകാൻ ആരും ശ്രമിക്കാറില്ല. പട്ടണങ്ങളിലുള്ള മംഗോളിയക്കാരെ കർത്താവ് വിളിച്ചിറക്കണം. അതു സംഭവിക്കാൻ പ്രാർത്ഥിക്കാം.

അടുത്ത കാലത്ത് സുവിശേഷം മംഗോളിയയിൽ വന്നിട്ട് 20 വർഷത്തിലധികമായിട്ടേ ഉള്ളു. സഭകൾ പുതിയതും വിശ്വാസികൾ ആദ്യ തലമുറയിൽപെട്ടവരുമാണ്. പരമ്പരാഗത സംസ്ക്കാരത്തിൽ നിന്ന് വന്നവരാണവർ. തകർന്ന കുടുംബ ബന്ധങ്ങൾ സാധാരണമാണ്. മംഗോളിയൻ സംസ്കാരത്തിൽ ഇത് അനുവദനീയമാണ്. ഇങ്ങ



ലേഖകനും സഹപ്രവർത്തകരും മംഗോളിയൻ പാർലമെന്റ് മന്ദിരത്തിനു മുൻപിൽ

നെയുള്ളവരിൽ നിന്ന് രക്ഷിക്കപ്പെട്ടു വന്നവരുണ്ട്. അവരുടെ പഴയ സംസ്കാരം യഥാർത്ഥത്തിൽ കർത്താവിനെ അനുഗമിക്കുന്നതിൽ തടസ്സപ്പെടുത്തുന്നുണ്ട്. അവരോടിപെടുമ്പോഴാണ് അനവധിയായ അവരുടെ പ്രശ്നങ്ങൾ മനസ്സിലാകുന്നത്. വളരെ

ആത്മീക പോഷണവും പ്രോത്സാഹനവും ആവശ്യമാണ് അവരെ സംബന്ധിച്ചിടത്തോളം. അനേക കാര്യങ്ങൾ ത്യാഗപൂർവ്വം വേണ്ടെന്നു വച്ച് ആത്മിക പക്വതയുള്ളവരാകാൻ അവർ ശ്രമിക്കുന്നത് കാണുമ്പോൾ സന്തോഷം ഉണ്ടാകും. ആത്മീകരായ ജീവിത പങ്കാളികളെ കിട്ടുന്നത് വലിയ പ്രശ്നമാണ്. സഭകൾ പുതിയതും ആളുകൾ ചുരുക്കവുമാണ്. തകർന്ന കുടുംബങ്ങളിൽ നിന്നും വരുന്ന യുവതീയുവാക്കൾക്കും ഇതേ



'ഗെർ' എന്നറിയപ്പെടുന്ന ടെന്റ്.

പ്രശ്നമുണ്ട് അവർ അവിശ്വാസികളായിരുന്നെങ്കിൽ ഇതിനോടകം അനവധി തവണ പങ്കാളികളെ മാറിയേനേ. ഇവരെ വിശ്വാസത്തിൽ നിലനിർത്തുന്നത് ശ്രമകരമായ ഒരു കാര്യമാണ്. മംഗോളിയൻ ഭാഷയുടെ ലിപി റഷ്യൻ ഭാഷയോടു സാമ്യമുള്ളതാണ്. സ്വരങ്ങൾ കുറവായതിനാൽ ഉച്ചാരണം പ്രയാസമാണ്. മുഴുബൈബിൾ ലഭ്യമാണ്. പ്രചാരമുള്ള ഇംഗ്ലീഷ് പാട്ടുകൾ അതേ രീതിയിൽ മംഗോളിയൻ ഭാഷകളിൽ തർജ്ജിമ ചെയ്തിട്ടുണ്ട്.

മംഗോളിയൻ സമ്പദ് വ്യവസ്ഥ വളർച്ചയുടെ ആദ്യദശയിലായതിനാൽ വിദ്യാഭ്യാസമുള്ള യുവജനങ്ങൾ ഇംഗ്ലീഷ് പഠിക്കാൻ അത്യാവേശം ഉള്ളവരാണ്. അതുകൊണ്ട് പ്രാദേശിക സഭകൾ ഇതു നല്ല അവസരമാക്കി ഇംഗ്ലീഷ് പഠിക്കാനായി നഗരങ്ങളിലുള്ള യുവജനങ്ങൾക്ക് ക്ലാസ്സുകൾ നടത്താറുണ്ട്. അതിനായിട്ടുള്ള പാഠപുസ്തകം പുതിയ നിയമങ്ങളും സുവിശേഷങ്ങളുമാണ്! ഇംഗ്ലീഷ് പഠിക്കുന്നതിനിടയിൽ കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയും പഠിക്കാം.

ലേഖനകാരൻ തലസ്ഥാനത്തുള്ള പ്രാദേശിക സഭയിൽ കൂട്ടായ്മയിലാണ്. ടെന്റ് മേക്കിംഗിനോടൊപ്പം സഭയുടെ ശുശ്രൂഷകളിലും പങ്കാളിയാണ്. ഇപ്പോൾ മംഗോളിയൻ ഭാഷയിൽ ബൈബിൾ മൊബൈൽ ഫോണിലും സ്മാർട്ട് ഫോണിലും പ്രചരിപ്പിക്കാൻ സഹായിക്കുന്നു. സഭയിലെ യുവജനങ്ങൾക്കായി ക്ലാസ്സെടുക്കുകയും ആത്മീക പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ രണ്ടു മാസങ്ങൾക്കിടയിൽ രണ്ടു സ്നാന ശുശ്രൂഷകൾ നടന്നു; ഈ അപരിചിത രാജ്യത്തെ ദൈവം സന്ദർശിക്കുന്നതിന്റെ സൂചനയായി. ഇപ്പോഴും നാടോടി സംസ്കാരത്തിലുള്ള മഗോളിയയുടെ സുവിശേഷം കടന്നു ചെന്നിട്ടില്ലാത്ത പ്രദേശങ്ങൾക്കായി പ്രാർത്ഥിക്കുക. അധികം അറിയപ്പെടാത്ത ഒരു രാജ്യത്ത് അവിടുത്തുകാരുടെ കൂട്ടായ്മ ആസ്വദിക്കാൻ കഴിയുന്നത് അത്ഭുതകരമായ ഒരനുഭവമാണ് "നീ അറുക്കപ്പെട്ടു നിന്റെ രക്തംകൊണ്ട് സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലക്കുവാങ്ങി..." എന്നൊരു പുതിയ പാട്ട് അവർ പാടുന്നു.

*ടൈറ്റസ് ഈപ്പൻ*

http://tituseapen.blogspot.com

# പൊതുപ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളും


ദൈവജനത്തിന്റെ മദ്ധ്യത്തിൽ അനവധി പൊതു പ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളും ഉണ്ടായത് ദൈവം കാലാകാലങ്ങളിൽ നൽകിയ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ്. പക്ഷേ കാലങ്ങൾ കഴിയുമ്പോൾ പ്രത്യേകിച്ചും ആദ്യ ദർശനം ലഭിച്ചവരുടെ അഭാവത്തിൽ ദർശനം മങ്ങുന്നതായും ചിലപ്പോൾ പൂർണ്ണമായും നഷ്ടപ്പെടുന്നതായും കാണുന്നു. എന്താണിതിനൊരു പരിഹാരം. മുൻപ് ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഏതു പ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങളുടെയും ഭാരവാഹികളെയും അംഗങ്ങളെയും ഓർത്ത് നിരന്തരം പ്രാർത്ഥിക്കുന്ന ചുമതല ദൈവമക്കൾ ഏറ്റെടുക്കണം. പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രവർത്തിക്കും യാതൊരു സംശയവുമില്ല. എന്നാൽ ചുമതല വഹിക്കുന്നവർക്കു മറ്റുള്ളവരോടു കണക്കു ബോധിപ്പിക്കണം എന്ന ചിന്തയുണ്ടായെങ്കിലേ മതിയാകു. ദൈവത്തോടു മാത്രമല്ല ഭാരവാഹികൾക്കും അംഗങ്ങൾക്കും തങ്ങൾ ഉൾപ്പെട്ട സമൂഹത്തോടും കണക്കു കൊടുക്കേണ്ടവരാണെന്ന ബോദ്ധ്യമുണ്ടായാൽ ഇന്നത്തെ പല കാര്യങ്ങളും മെച്ചപ്പെടും. പ്രത്യേകിച്ച് ഭാരമോ കാഴ്ചപ്പാടോ ഇല്ലാതെ സ്വയത്തിന് അഭിമാനിക്കാൻ ലഭിച്ച 'സ്ഥാനം' എന്ന നിലയിൽ മാത്രമാണെങ്കിൽ ഉത്തരവാദിത്വമില്ലാതെ ആ ആൾ പെരുമാറും. നല്ല നിലയിൽ പ്രവർത്തിക്കുന്ന അനവധി പ്രസ്ഥാനങ്ങളിൽ ഇങ്ങനെയുള്ളവർ കയറിക്കൂടാൻ സാദ്ധ്യതയുണ്ട്. പ്രാരംഭത്തിൽ ഇവരെ തിരിച്ചറിയാൻ പ്രയാസമായിരിക്കും. അതുകൊണ്ട് വളരെ പ്രാർത്ഥനയോടെ 'പരീക്ഷിച്ചു അനിന്ദ്യരായി' കണ്ടവരെ മാത്രമേ തെരഞ്ഞെടുക്കാവു. പല പ്രവർത്തനങ്ങളും നിയമപരമായ കാര്യങ്ങൾ നിർവഹിക്കാനായി ട്രസ്റ്റുകളും അസോസിയേഷനുകളും മറ്റുമായി രജിസ്റ്റർ ചെയ്യാറുണ്ട്. നമ്മുടെ മദ്ധ്യത്തിലുള്ള ചില പ്രമുഖ സഭകൾപോലും ഇത്തരത്തിലുണ്ട്. പൊതുപ്രവർത്തനത്തിലും ട്രസ്റ്റുകളിലുമുള്ളവരുടെ അംഗത്വ കലാവധിയും ഭാരവാഹിത്വവും ഒന്നോ രണ്ടോ വർഷങ്ങളിലേക്കു നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓരോ സ്ഥാനങ്ങളിലും ഇരിക്കുന്നവർ സജീവമല്ലെങ്കിലും തുടർന്നുകൊണ്ടേയിരിക്കുന്നു. ഇതു ചെയ്യുവാൻ വേറെ ആളില്ല എന്ന ന്യായമാണ് ചിലർ പറയുന്നത്. പരമാവധി പ്രായം ഇത്രയെന്ന് നിഷ്കർഷിച്ചാൽ ഒരു പരിധിവരെ ഇതിനു പരിഹാരമാകും. പക്ഷേ ഭാരവാഹിത്വം ഒന്നോ രണ്ടോ വർഷത്തേക്കു മാത്രമായി ചുരുക്കണം. എല്ലാ പ്രവർത്തനങ്ങൾക്കും ട്രസ്റ്റുകൾക്കും നല്ല ഒരു ഉപദേശക സമിതിയുണ്ടായിരിക്കണം. അതിൽ സമ്മതരായ ചില സീനിയർ ദൈവദാസന്മാരുണ്ടായിരിക്കണം.

മറ്റു ചിലർ അനേക പ്രസ്ഥാനങ്ങളിൽ ഭാരവാഹിത്വവും അംഗത്വവുമൊക്കെ വഹിക്കുന്നവരായിരിക്കും. ഏതെങ്കിലും ഒരു സ്ഥാനം കൂടി കിട്ടണം എന്ന ആഗ്രഹത്തിൽ വന്നു കൂടുന്നവരും ഇക്കൂട്ടത്തിലുണ്ട്. ഒരേ സമയം പല കമ്മറ്റികളിലും പ്രസ്ഥാനങ്ങളിലും അംഗമായിരിക്കുന്നവർക്ക് ഒന്നിനോടും നീതി പുലർത്താൻ കഴിയില്ല. അങ്ങനെയുള്ളവർ ചില സ്ഥാനങ്ങൾ രാജിവച്ച് വിശ്വസ്തരായ മറ്റുള്ളവരെ ഏല്പിക്കുന്നത് അഭികാമ്യമായിരിക്കും. വളരെ സമർപ്പണത്തോടും ആത്മാർത്ഥതയോടും കാര്യങ്ങൾ നിർവഹിക്കുന്ന പലരും ഉണ്ടെന്ന കാര്യം വിസമരിച്ചുകൊണ്ടല്ല ഇതെഴുതുന്നത്.

ആദ്യകാല ദർശനം എന്താണെന്ന് എഴുതി വയ്ക്കുകയും അത് ഓരോ വർഷവും അംഗങ്ങളെ ബോദ്ധ്യപ്പെടുത്തുകയും വേണം. പുതിയ തലമുറയുടെ ഊർജ്ജസ്വലതയും പഴയ തലമുറയുടെ പരിചയസമ്പത്തും എല്ലായിടത്തും ഉണ്ടാകണം. പുതിയ തലമുറയെ തെരഞ്ഞെടുക്കുമ്പോൾ ആത്മികപക്വത പ്രധാന യോഗ്യതയായി കണക്കാക്കണം. എല്ലാറ്റിലും ഉപരിയായി പൊതു പ്രസ്ഥാനങ്ങളിലുള്ളവർ കമ്മറ്റി മീറ്റിംഗുകൾ കൂടാതെ പ്രാർത്ഥനയ്ക്കായി മാത്രം ഒരുമിച്ച് കൂടണം. ഇങ്ങനെയൊക്കെ ചെയ്താൽ ഒരു പരിധി വരെ ആദ്യകാല ദർശനത്തിൽ നിലനിൽക്കാം. നമ്മുടെ മദ്ധ്യത്തിൽ ഒരുണർവ്വുണ്ടാകുന്നതിന് ഇതും മുഖാന്തരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

*- എഡിറ്റർ ഇൻ ചാർജ്ജ്.*

## ചിൽഡ്രൻസ് ക്ലബ്ബ്



# പതിമൂന്നോ പന്ത്രണ്ടോ?



റോസിമോളുടെ 13-ാമത്തെ ബേർത്ത്ഡേ ജീവിതത്തിലെ ഏറ്റവും വലിയ കാര്യമായി തോന്നി. "എന്തിനാ ചേച്ചീ 13 ആകാൻ വലിയ ആഗ്രഹം?" റോസിയുടെ അനുജത്തി ജൂലിയ ചോദിച്ചു.

റോസി പറഞ്ഞു "ഞാൻ പതിമൂന്ന് ആകുമ്പോൾ ആളുകൾ വിചാരിക്കും ഞാൻ മിക്കവാറും മുതിർന്നവളായി എന്ന്", ജൂലിക്ക് എന്നിട്ടും പിടികിട്ടിയില്ല. "ഇന്നലെ രാത്രി ചേച്ചിക്ക് 12 വയസ്സായിരുന്നപ്പോൾ ഒരു കൊച്ചുകുട്ടിയായിരുന്നല്ലോ. ഇപ്പോൾ ഇന്ന് ചേച്ചി മുതിർന്നവളായി എന്നോ?" റോസി മറുപടി പറയുന്നതിന് മുൻപ് മമ്മി മുറിയിലേക്കു വന്നു പറഞ്ഞു "റോസി ഡാഡി കോയമ്പത്തൂരിൽ നിന്ന് വിളിച്ചിരുന്നു. നിന്റെ ബേർത്ത് ഡേ പാർട്ടിയിൽ സമയത്തിന് വീട്ടിൽ എത്തുകയില്ല എന്നു പറഞ്ഞു. അതുകൊണ്ട് ബേക്കറിയിൽ നിന്നും നമ്മൾ ഓർഡർ ചെയ്ത കേക്ക് എടുക്കാൻ പോകാൻ കാറില്ല"

റോസിയുടെ ഉള്ളിലൂടെ ഒരു മിന്നൽ! അവളെന്താണ് ചെയ്യുന്നതെന്ന് ചിന്തിക്കാതെ അമ്മയോട് അട്ടഹസിക്കുകയും കരയുകയും ഒക്കെ ചെയ്തു. "ഈ ആൾക്കാരൊന്നും ശരിക്കും കരുതുന്നവരല്ല. ഇന്നത്തെ ദിവസം എനിക്ക് എത്ര പ്രധാനമാണ്. ആകെ നശിപ്പിച്ചു!" അവൾ വിലപിച്ചു. കേക്ക് എടുക്കാൻ പോകുന്നതിന് മറ്റെന്തെങ്കിലും വഴി പറയാൻ മമ്മിക്ക് അവസരം കൊടുക്കാതെ പറയാൻ പാടില്ലാത്തതൊക്കെ വിളിച്ചു കൂവി.

ജൂലിയ റോസിയെ നോക്കി നിഷ്കളങ്കമായി പറഞ്ഞു "ചേച്ചി ഇപ്പോൾ 13-ാമത്തെ വയസ്സിലാണോ അതോ പന്ത്രണ്ടിലോ?" ഈ വാക്കുകൾ റോസിയുടെ ഹൃദയത്തെ സ്പർശിച്ചു. അവൾ നെടുവീർപ്പിട്ടു. "ഞാൻ കണക്കനുസരിച്ച് പതിമൂന്നിലാണ് പക്ഷേ എന്റെ പ്രവർത്തി പന്ത്രണ്ടിലെപ്പോലെ, സോറി" അവൾ ക്ഷമ ചോദിച്ചു. എന്നിട്ട് മമ്മിയോട് "13 ആയിരിക്കുമ്പോൾ എങ്ങനെയാണെന്ന് ഇനി യും ഒത്തിരി പഠിക്കാനുണ്ട്.... മാത്രമല്ല ഒരു നല്ല വിശ്വാസിയായിരിക്കുന്ന കാര്യവും..."

മമ്മി ചിരിച്ചുകൊണ്ട് അവളോട് പറഞ്ഞു "നിന്റെ സൈക്കിളിൽ പോയി ആ കേക്ക് എടുത്തു കൊണ്ടു വരു. അതിന്റെ ബാസ്ക്കറ്റ് വലുതാണല്ലോ?"

"ഓ സൈക്കിളിൽ പോകുന്ന പ്രായം കഴിഞ്ഞു" റോസി പറയാൻ തുടങ്ങുകയും പെട്ടെന്ന് നിർത്തി. സഹായത്തിനായി ഒരു ചെറിയ പ്രാർത്ഥന ദൈവത്തോട് ആത്മാർത്ഥമായി പറഞ്ഞു "പ്രിയ കർത്താവേ പതിമൂന്നായിരിക്കുവാൻ എന്നെ സഹായിക്കേണമേ"

**നിങ്ങൾ എങ്ങനെയാണ്?**

*പ്രായമായി മുതിർന്നവരാകാൻ ആകാംക്ഷയോടിരിക്കുന്നുവോ? മുതിർന്നു അല്ലെങ്കിൽ വളർന്നു വലുതാകുന്നു എന്നത് ഓട്ടോമാറ്റിക്കായി ഒരു പ്രത്യേക പ്രായത്തിൽ സംഭവിക്കുന്ന കാര്യമാണോ? അല്ല, അത് ക്രമേണയുള്ള ഒരു പ്രക്രിയയാണ്. ശാരീരികമായി വളരുന്നതുപോലെ കർത്താവിൽ വളരാനും സമയമെടുക്കും. ഓരോ ദിവസവും കൂടുതൽ പക്വതയുള്ളവർ - നമ്മുടെ കർത്താവിനെപ്പോലെ, ആകുവാൻ സഹായത്തിനായി പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ട്. ഇപ്പോൾ തന്നെ അതു തുടങ്ങാം.*

**മനപാഠമാക്കുക**

2 പ്രത്രോസ് 3:18

**കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ.**

2 പത്രോസ് 3:18

# മിഷണറി റിട്രീറ്റ് സെന്റർ

തിരുവല്ലയിൽ പോൾ തിമോത്തി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനോടനുബന്ധിച്ച് മിഷണറി റിട്രീറ്റ് സെന്ററും ഉണ്ടാകാൻ പ്രാർത്ഥിച്ചു വരുന്നു. യുവജനങ്ങൾക്കും മറ്റും ആവശ്യമായ ആത്മീക പരിശീലനമാണ് പോൾ തിമോത്തി ഇൻസ്റ്റിറ്റ്യൂട്ട് കൊണ്ടുദ്ദേശിക്കുന്നത്. കർത്താവിന്റെ വയലിൽ വടക്കേ ഇൻഡ്യയിലും മറ്റും അദ്ധ്വാനിക്കുന്ന അനേക പ്രിയപ്പെട്ടവർക്ക്, വൈദ്യപരിശോധനകൾക്കും അവധിക്കാലം കുടുംബത്തോടു കൂടി ചെലവഴിക്കുന്നതിനും വരുമ്പോൾ ചില ദിവസങ്ങളിലേക്ക് താമസ സൗകര്യം നൽകാനും ആത്മീക കൂട്ടായ്മയ്ക്ക് അവസരമുണ്ടാകാനും ഇതു ഉപകരിക്കും ഇംഗ്ലണ്ടിൽ നിന്നും മറ്റ് രാജ്യങ്ങളിലേക്ക് പോയിട്ടുള്ള മിഷണറിമാർ അവധിക്കെത്തുമ്പോൾ അവർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുവാൻ അവിടെ സംവിധാനമുണ്ട്. ഒരു ചെറിയ അളവിലെങ്കിലും ഭാരതത്തിലും അപ്രകാരം ഉണ്ടാകണമെന്ന ആഗ്രഹമാണ് ഈ ആശയത്തിന് പിന്നിൽ. മറ്റ് പശ്ചാത്തലത്തിൽ നിന്നു വന്നിട്ടുള്ള സുവിശേഷകന്മാർക്ക് ബന്ധുക്കളിൽ നിന്നും എതിർപ്പുള്ള സാഹചര്യത്തിൽ മിഷണറി റിട്രീറ്റ് സെന്റർ വലിയൊരനുഗ്രഹമായിരിക്കും എന്നതിൽ സംശയമില്ല. ഇന്ത്യയിൽ ആദ്യമായിരിക്കും ഇപ്രകാരമുള്ള ഒരു സൗകര്യം എന്നു കരുതപ്പെടുന്നു. പോൾ തിമോത്തി ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ പ്രാരംഭ ദശയിൽ മാത്രം ഇരിക്കുന്നു. ഒരു സഹോദരൻ സൗജന്യമായി നൽകിയ 30 സെന്റ് സ്ഥലത്താണ് ഇതുണ്ടാക്കാൻ ആഗ്രഹിക്കുന്നത്. ഈ ആശയത്തോടു താല്പര്യമുള്ളവർക്ക് PTI, P.O. Box 4, Kuttapuzha, Tiruvalla - 689 103 എന്ന വിലാസത്തിലോ 8547017024 നമ്പരിലോ, ബന്ധപ്പെടാം. ദൈവമക്കളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

വാർത്തകളും അറിയിപ്പുകളും എഡിറ്ററുടെ പേരിൽ അയച്ചു തരിക.
Editor, Renewal P.O. Box 4, Kuttapuzha, Tiruvalla 689103 , E mail, renewalvarthakal @ gmail.com.

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും-Renewal, P.B.No. 2665, Shanmugham Road PO, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ-Shombay Poothuran, Renewal, Broadway, Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

## റിന്യൂവൽ ശുശ്രൂഷ

*റിന്യൂവൽ ഒരു ശുശ്രൂഷയാണ്. മിഷൻ ഫീൽഡുകളെപ്പറ്റിയുള്ള വിവരങ്ങളും പ്രാർത്ഥനയ്ക്കായുള്ള കാര്യങ്ങളും അറിയിക്കുക. ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുക. വരിസംഖ്യ തരാനുള്ളവർ റാപ്പറിൽ പേരിനു മുകളിൽ വലതുവശത്തായി S 11 Jan എന്നു കണ്ടാൽ 2011 ജനുവരി വരെയുള്ള വരിസംഖ്യയേ തന്നിട്ടുള്ളു എന്നർത്ഥം. ഇക്കാര്യം മാന്യ വായനക്കാർ ശ്രദ്ധിക്കുകയും സഹകരിക്കുകയും ചെയ്യുമല്ലോ - എഡിറ്റർ*

## കോളേജ് സ്റ്റുഡൻസ് ക്യാമ്പ് 2012

ആഗസ്റ്റ് 28 ചൊവ്വ വൈകിട്ട് 4 മുതൽ സെപ്റ്റംബർ 1 ശനിയാഴ്ച രാവിലെ 6 മണി വരെ തിരുവല്ല മെഡിക്കൽ മിഷൻ കോളജ് ഓഫ് നേഴ്സിങ്ങ് കാമ്പസിൽ വെച്ച് നടക്കുകയാണ്. "അതുല്യനായ ക്രിസ്തു നൽകുന്ന അർത്ഥപൂർണ്ണമായ ജീവിതം" എന്നതാണ് ക്യാമ്പ് തീം. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെയായി അനേകരുടെ ജീവിതത്തിൽ ദൈവീക ഊർജ്ജം പകർന്നു നൽകിയ ഈ ക്യാമ്പിലേക്ക് പ്ലസ് വൺ, പ്ലസ് ടു, ഡിഗ്രി, പ്രൊഫഷണൽ കോഴ്സ്, സാങ്കേതിക സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് പങ്കെടുക്കാം. സഹോദരൻമാരായ ജോൺ കുര്യൻ, ജെയിംസ് വർഗീസ്, വർഗീസ് ജോൺ, ജോർജ്ജ് കോശി, ജെറി തോമസ്, എ.ആർ പീറ്റർ, ബെൻസിക് മിറാൻഡാ എന്നിവർ ക്ലാസ്സുകൾ എടുക്കും. രജിസ്ട്രേഷനും വിശദ വിവരങ്ങൾക്കും College Students Camp 2012. XII/19. Varma Road, South Chittoor P.O., Kochi - 27. 9447414222 - Tenson Joseph


### നമുക്കു ചുറ്റും

## എസ്.ബി.എസ് സെന്റർ ക്യാമ്പ്

തൃശൂർ: സീയോൻ ബ്രദ്റൻ ചർച്ചിൽ തൃശൂർ സെന്റർ സുവിശേഷകൻ ബാലസംഘം ക്യാമ്പ് 2012 ആഗസ്റ്റ് 27 മുതൽ 31 വെള്ളി രാവിലെ 10 വരെ നടക്കുന്നു. എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ എന്നതാണ് ക്യാമ്പ് തീം. A,B,C,D ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംഗീത മത്സരവും A,B ഗ്രൂപ്പുകൾക്ക് 20 വേദവിജ്ഞാനം, C,D ഗ്രൂപ്പുകൾക്ക് വേദവിജ്ഞാനം ഉപന്യാസം ഇവയിലും മത്സരങ്ങളുണ്ടായിരിക്കും. 6 മുതൽ 17 വയസ്സുള്ളവർക്കാണ് പ്രവേശനം. ക്യാമ്പ് ഫീസ് 100 രൂപ. ചൊവ്വാഴ്ച ഉച്ചവരെ മാത്രം രജിസ്ട്രേഷൻ. പി.വി. ആന്റണി ജനറൽ കൺവീനറായി ക്യാമ്പ് ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

കൂടുതൽ വിവരങ്ങൾക്ക്:-
Dr. Binoy Varghese (Secretary)
Valayil House, East Fort P.O.,
Nellikkunnu, Kura Thrissur - 680005, Mobile : 9846011141,
Email : drbinoytsr@gmail.com

### നിയമവും നമ്മളും



# വാഹനം ഓടിക്കുമ്പോൾ

നിങ്ങൾ 16 നും 18 നും വയസ്സിനിടയിലുള്ളവരാണെങ്കിൽ 50 സിസിയിൽ താഴെയുള്ള മോട്ടോർ സൈക്കിൾ ഓടിക്കുവാൻ മാതാപിതാക്കളുടെ എഴുതി നൽകുന്ന സമ്മതപത്രം ഉണ്ടെങ്കിൽ അപേക്ഷിക്കാവുന്നതാണ്.

18 വയസ്സോ അതിനു മുകളിലോ ആണെങ്കിൽ ആളുകളെ കയറ്റിയിറക്കുന്നതല്ലാത്ത വാഹനം ഓടിക്കാനുള്ള ലൈസൻസിന് അപേക്ഷിക്കാവുന്നതാണ്.

ട്രാഫിക്ക് നിയമങ്ങൾ, സിഗ്നലുകൾ, റോഡിലുള്ള അടയാളങ്ങൾ ഇവ അനുസരിക്കണം. എമർജൻസി വാഹനങ്ങൾക്ക് മുൻഗണന നൽകണം. വാഹനമോടിക്കുമ്പോൾ സിഗ്നലുകൾ നൽകണം. പ്രത്യേകം വേർതിരിക്കപ്പെട്ട സ്ഥലങ്ങളിൽ മാത്രമേ പാർക്ക് ചെയ്യാവു. എല്ലാ സമയങ്ങളിലും കാൽ നടക്കാർക്ക് ആവശ്യമായ പരിഗണന നൽകണം. ഏതു സമയത്തും അനുവദിക്കപ്പെട്ട വേഗതയിൽ മാത്രമേ പോകാവു.

**മോട്ടോർ വെഹിക്കിൾസ് ആക്ട്**

1988 ലെ മോട്ടോർ വെഹിക്കിൾസ് ആക്ടും സെൻട്രൽ മോട്ടോർ വെഹിക്കിൾസ് റൂൾസ് 1989 (ചാപ്റ്റർ 11 ഉം കർശനമായ നിർദ്ദേശങ്ങൾ നൽകുന്നു.

- ടൂ വീലറിൽ പോകുമ്പോൾ മുൻപിലും പുറകിലും ഇരിക്കുന്നവർ നിലവാരമുള്ള ഹെൽമെറ്റ് ധരിച്ചിരിക്കണം.
- വാഹനം ഓടുമ്പോൾ നാലുചക്ര വാഹനത്തിലുള്ള മുൻസീറ്റിൽ ഇരിക്കുന്നവരും തൊട്ടു പുറകിൽ ഇരിക്കുന്നവരും സീറ്റ് ബെൽറ്റ് ധരിച്ചിരിക്കണം.
- വാഹനം ഓടിക്കുമ്പോൾ ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടില്ല. ഡ്രൈവിംഗ് ലൈസൻസ് കാൻസൽ ചെയ്യാനുള്ള കാരണങ്ങളിൽ ഒന്നാണിത് (റൂൾ 21 of CMVR)

നിയമാനുസൃതമായ ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതെ വാഹനമോടിക്കുന്നതും അപ്രകാരമുള്ള ലൈസൻസില്ലാത്ത ആളിനെ വാഹനമോടിക്കാൻ അനുവദിക്കുന്നതും ശിക്ഷാർഹമാണ്.

പ്രായപൂർത്തിയാകാത്തവർ വാഹനമോടിക്കുന്നതും ഹെൽമറ്റില്ലാതെയും സീറ്റ് ബൽറ്റിടാതെയും ഓവർ സ്പീഡിൽ വാഹനമോടിക്കുന്നതും കുറ്റകരമാണെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ.

അഡ്വ. ബോവൻ സി. വർക്കി
(തൃശൂർ ടീൻസ് ക്യാമ്പിലെ ക്ലാസ്സിൽ നിന്ന്)

**YOUTH GUIDE**

# പാപം ഇതാ വാതില്ക്കൽ!

മനുഷ്യന്റെ ആത്മീക മരണത്തിന് ഹേതു ആയിത്തീർന്ന മാരകവിഷമാണ് പാപം. ഇത് മൂലം ശ്രേഷ്ഠവും മാന്യവുമായ ദൈവിക തേജസ്സും കൂട്ടായ്മയുമാണ് മനുഷ്യന് നഷ്ടമായത്. ദൈവകല്പനാ ലംഘനത്തെ ന്യായപ്രമാണം പാപം എന്ന് വിശേഷിപ്പിക്കുന്നു. ലക്ഷ്യം തെറ്റുക അഥവാ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുക എന്ന അർത്ഥമാണ് പാപം എന്ന വാക്കിന് എബ്രായ, യവന ഭാഷകൾ പ്രകടമാക്കുന്നത്. തിന്മ ചെയ്യുന്നതിനെയും തിന്മയ്ക്ക് അധിഷ്ഠാനമായി ദൈവവുമായി മനുഷ്യന് നഷ്ടപ്പെട്ടു പോയ ബന്ധത്തെയും പാപം വിവക്ഷിക്കുന്നു. പാപം വാതില്ക്കൽ പതിയിരിക്കുന്ന ഒരു പാമ്പിനെപോലെയാണ്. കഴിയുമെങ്കിൽ ദൈവത്തിന്റെ തെരഞ്ഞുടുക്കപ്പെട്ടവരെപ്പോലും പാപത്തിന്റെ ചതിക്കുഴിയിൽ വീഴ്ത്തുവാൻ പിശാച് ശ്രമിച്ചുകൊണ്ടിരിക്കുന്നു.

"നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതില്ക്കൽ പതിയിരിക്കുന്നു; അതിന്റെ ആഗ്രഹം നിന്നോടാകുന്നു. നീയോ അതിനെ കീഴടക്കണം" (ഉല്പ. 4:7). ദൈവത്തിന് പ്രസാദകരമല്ലാത്ത യാഗം അർപ്പിച്ച ശേഷം സഹോദനരനോട് കോപിച്ച കയീനോട് ദൈവം അരുളിച്ചെയ്ത ഒരു മുന്നറിയിപ്പാണിത്. ആഴിയിലെ മത്സ്യങ്ങളിന്മേലും ആകാശത്തിലെ പറവജാതികളിന്മേലും സകല ചരാചരങ്ങളുടെ മേലും വാഴുവിൻ എന്ന നിയോഗവമായിട്ടാണ് മനുഷ്യനെ ദൈവം ഭൂമിയിൽ സൃഷ്ടിച്ചത്. എന്നാൽ പാപം മൂലം വാഴുവാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല മനുഷ്യന്റെ വീഴ്ചയുടെ ആഴത്തിലേക്കാണ് തുടർന്നുള്ള സംഭവങ്ങൾ വിരൽ ചൂണ്ടുന്നത്. അനുസരണക്കേടിന് കൊടുക്കേണ്ടി വന്ന വില അനുഗ്രഹീതമാകേണ്ടിയിരുന്ന ആരാധനയുടെ അനന്തര ഫലത്തെപ്പോലും ദോഷകരമായ ദിശയിലേക്ക് നയിച്ചു. ആദിപാപം മൂലം ആത്മീക മരണമാണ് സംഭവിച്ചതെങ്കിൽ ഇവിടെയിതാ ഹാബെലിന്റെ ശാരീരിക മരണത്തിന് കയീനെ പതിയിരുന്ന കീഴടക്കിയ പാപം കാരണമായി. പാപത്തെ കീഴടക്കേണ്ടവൻ പാപത്തിന് കീഴടങ്ങിയ ദുരവസ്ഥ.

പാപത്തിന്മേൽ വിജയം എന്നത് ഏതൊരു ദൈവ പൈതലിന്റെയും അവകാശമാണ്. എന്നാൽ വാതില്ക്കൽ പതിയിരിക്കുന്ന പാപ സാന്നിദ്ധ്യത്തെ പരാജയപ്പെടുന്നവർ വൈകിയാണ് തിരിച്ചറിയുന്നത്. ലൗകീക സുഖങ്ങളെ വിരൽത്തുമ്പിൽ എത്തിക്കുന്ന സാങ്കേതിക വിദ്യകളുടെ നെറുകയിലാണ് തങ്ങളെന്ന് അഭിമാനിക്കുന്നവർ, അവരെ നോക്കി കൊഞ്ഞനം കുത്തുന്ന വിഷപ്പല്ല് തകർന്ന പിശാചിന്റെ ക്രൂരഭാവങ്ങളെ തിരിച്ചറിയാതെ വിജയം സാദ്ധ്യമല്ല. പാപത്തോട് പോരാടുന്നർ പാപ സാന്നിദ്ധ്യത്തിൽ നിന്നും വേർപെട്ട് ജീവിക്കണം. അനുദിനം ദൈവകൃപയുടെ സഹായത്താൽ അതിനായി ശ്രമിച്ചെങ്കിൽ മാത്രമേ പാപത്തിന്റെ മേൽ വിജയം വരിക്കുവാൻ സാധിക്കൂ. "ആകയാൽ പാപം നിങ്ങളുടെ മർതൃശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കും വിധം ഇനി വാഴരുത്" (റോമ. 6:12).

പാപ പ്രകൃതമുള്ള പഴയ മനുഷ്യൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടു എന്ന സത്യം നിലനില്ക്കുമ്പോൾ തന്നെ എന്റെ ബുദ്ധിയുടെ പ്രമാണത്തോട് പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു, അത് പാപ പ്രമാണത്തിന് എന്നെ ബദ്ധനാക്കി കളയുന്നു എന്ന് പൗലോസ് സാക്ഷിക്കുന്നു (റോമ. 6:6, 7:23) ഈ അരിഷ്ടതയിൽ നിന്ന് വിടുതൽ നേടുവാൻ യേശുക്രിസ്തുവിന്റെ കർതൃത്വത്തിലൂടെ സാധിക്കും. 'തിന്മയോട് തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുവാൻ' (റോമ. 12:21) പൗലൊസ് വീണ്ടും നമ്മെ അഹ്വാനം ചെയ്യുന്നു. പാപത്തെ കീഴടക്കുവാൻ പ്രാണത്യാഗത്തോളം പോരാടുക എന്നതാണ് ആത്മീകന് സ്വയം ചെയ്യുവാൻ കഴിയുന്ന നന്മ. സ്വപ്രവർത്തി നന്മയാകുമ്പോൾ മറ്റുള്ളവർക്ക് അത് സൽപ്രവർത്തിയായി പരിണമിക്കുന്ന ചാലക ശക്തിയായി അനുഭവപ്പെടും ഇച്ഛിക്കാത്ത തിന്മയെ മുളയിലേ നീക്കി കളയുവാൻ നമുക്ക് കഴിയണം. "നന്മ ചെയ്യുവാൻ അറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ" (യാക്കോ. 4:17). പാപത്തിന്റെ ശക്തി മരണകരമെങ്കിലും കർത്താവിന്റെ സർവ്വശക്തിയാൽ അതിനെ ജയിക്കുവാനും അനുദിനം പാപത്തിൽ മരിച്ചുകൊണ്ടിരിക്കുന്നവർക്ക് നിത്യജീവന്റെ പാത കാട്ടി കൊടുക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ. "നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്ക് ജയം നല്കുന്ന ദൈവത്തിന് സ്തോത്രം" (1 കൊരി 15:57)

ജെയ്സൺ പി. എബ്രഹാം,
ദോഹ

**PRAYER CORNER**

# Prayer - The Vital Breath

**Mathew Paul**

Could you imagine living without breathing? You might say, "What a silly question to ask?"! It is obvious that no man could live even for seconds without breathing. Breathing is so vital to life that some one who is not breathing is not living.

God has made us as dependent creatures. We depend on the air that we breath, the water that we drink and the food that we eat. If we want to have a healthy life, we need to depend on unpolluted air, water and food. Likewise,

we need to depend on people around us to have a healthy, strong and a happy mind. Imagine our lives without what we learned from our parents, teachers and friends! Imagine how miserable our lives would have been if we never had the privilege to be literates!

We know that man is much more than body and mind. The Bible teaches that man is created in God's image and that man has a spirit in him (1Thes.5:23).

The spirit in man is that which makes him different from the rest of the animal world. Just as our body and mind, our spirits too can not survive on its on. Graciously, God has permitted us that we depend on Him for the survival of our spirits.

Prayer is the vital breath of a Christian. If you are not a praying person, that means that you are spiritually dead. When we call upon God through Christ our Lord, His grace and power flow to us and make us alive spiritually. A prayerless person is a spiritually dead person. And a person who spends less time in prayer is a spiritually powerless person!

The first thing that any one should get from God through prayer is forgiveness. Prayer for forgiveness must be accompanied by repentance and faith (Mk.10:15). There are many who pray and believe with out repentance. Such prayer has no value. Repentance is a total turning around. Man basically lives for himself and for his loved ones. Repentance is a total turning around to live for God. Faith without repentance is like the faith of the devil (James 2:15). It is dead faith and it has no value.

Prayer accompanied by repentance makes faith into saving faith. Thus all who call on Him will be saved (Rom.10:13).

There are many who go to God in prayer for material things. God is a generous giver and He gives generously. Such people are able to narrate stories about how God answered their prayers and how they got healing, or other material benefits. It is a trick of the devil to see that they stand short of the full blessings from God which is spiritual son-ship and forgiveness. If you are some one who knows that God answers prayers, and if you do not know that you are a forgiven child of God, you are missing the greatest gift from God!

In fact, God has ordained prayer basically for spiritual purposes. That is why Jesus said, "every one who asks receives" (Mt.7:8). Every one who asks in true repentance and faith for forgiveness and for son-ship surely receives it. If you are not a saved person, call upon Him right now and be saved.

Now you may be a forgiven person. That is not the end of your spiritual life. Prayer is meant that we might be filled with all the fullness of God (Eph.3:19). If you have only received forgiveness and son-ship alone, you are enjoying far less than what God expects to give you through this mystery which is prayer. A prayerful person is able to move the hands of God which move the universe. Thus prayer becomes the mightiest weapon that any man can wield in this life. May the Lord make us men and women of prayer for His glory. Amen!

### വിവാഹവേദി

## പ്രത്യേക ശ്രദ്ധയ്ക്ക്

വിവാഹം ദൈവഹിതപ്രകാരം നടക്കണം. ഭൗതിക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. ബ്രദ്റൻ സഭാംഗങ്ങളെ ഉദ്ദേശിച്ചാണ് പ്രധാനമായും ഈ പംക്തി ആരംഭിച്ചത്. അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ ഈ ശുശ്രൂഷ മുഖാന്തരമായിട്ടുണ്ട്.

റിന്യൂവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് എഡിറ്ററുമായി ബന്ധപ്പെടക.

വളരെയധികം പേർ അന്വേഷകരായി വരുന്നതുകൊണ്ട് പരസ്യത്തോടൊപ്പം അവരവരുടെ ഫോൺ നമ്പർ കൂടെ നൽകുന്നതും അന്വേഷകർക്ക് നേരിട്ട് ബന്ധപ്പെടാവുന്നതുമാണ് പകൽ 9 മുതൽ 6 വരെ മാത്രമേ ഫോണിൽ വിളിക്കാവു. ഇ.മെയിലും നൽകാവുന്നതാണ്.

അവരവരുടെ ഫോൺ നമ്പർ പരസ്യത്തോടൊപ്പം നൽകാതെ റിന്യുവൽ ആ ചുമതല നിർവഹിക്കണമെങ്കിൽ ഓരോ പരസ്യത്തിനും 300 രൂപ മണി ഓർഡർ എറണാകുളം വിലാസത്തിൽ അയക്കണം (രണ്ടാം പേജ് കാണുക)

പരസ്യങ്ങൾ നൽകുന്നവർ പേരും വിലാസവും സ്ഥലം സഭയും റിന്യുവൽ റാപ്പറിലെ നമ്പരോ വരിസംഖ്യ അടച്ചതിന്റെ രസീത് നമ്പറോ ഏതെങ്കിലും ഒന്നും കാണിച്ച് എഡിറ്റർ, റിന്യൂവൽ, പി. ബി. 4, കുറ്റപ്പുഴ, തിരുവല്ല – 680103 എന്ന വിലാസത്തിൽ അയക്കണം. മാന്യ വരിക്കാർ സഹകരിക്കുമല്ലോ. Tel : 9447360417

**WANTED BRIDE**

**RM No : 1147 -** രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 31 വയസ്സ് 5'10". BBA, കമ്മ്യൂണിക്കേഷൻ കമ്പനിയിൽ ബിസിനസ് എന്റർപ്രൈസസ് മാനേജരായി ജോലി ചെയ്യുന്നു - 09894142446

**RM No : 1148 -** രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 170 cm +2 കഴിഞ്ഞ് സൗദിയിൽ ജോലി 0487 2689902, 9961541421

**RM No : 1149 -** രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 24 വയസ്സ് 170 cm, B.A. കഴിഞ്ഞ് കേരള ഗവൺമെന്റിൽ LDC ആയി ജോലി ചെയ്യുന്നു. 0474 2529034, 9562182429

**WANTED BRIDE GROOM**

**RM No : 1150 -** രക്ഷിക്കപ്പെട്ട സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് നേഴ്സിംഗ് കഴിഞ്ഞ് സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നു. 9447403683, 0481 2575281

### വൈ.എം.ഇ.എഫ് ജനറൽ ക്യാമ്പ്

രണ്ടു വർഷത്തിലൊരിക്കൽ നടത്തിവരാറുള്ള വൈ.എം.ഇ.എഫ് ജനറൽ ക്യാമ്പ് 2012 ആഗസ്റ്റ് 27 തിങ്കൾ വൈകിട്ടു മുതൽ 31 വെള്ളി ഉച്ചവരെ കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയിൽ, ദിവ്യ സ്വഭാവത്തിന് കൂട്ടാളികൾ ആകുവിൻ എന്നതാണ് ക്യാമ്പ് തീം. ബൈബിൾ ക്ലാസ്സുകൾ, മിഷണറി സമ്മേളനം വേദ മത്സരങ്ങൾ, ടാലന്റ് ടൈം, ഗാന പരിചയം ബൈബിൾ ക്വിസ് എന്നിവയാണ് പ്രധാന പരിപാടികൾ എ.ഡി. ജയിംസ് കൺവീനറായി ക്രമീകരണങ്ങൾ ചെയ്യുന്നു. സാമുവൽ ബി. തോമസ്, തോംസൺ ബി. തോമസ്, ജോസ് മാങ്കുടി, വി.കെ. സൈമൺ, ഈപ്പൻ ജോർജ്ജ് തുടങ്ങിയവർ ശുശ്രൂഷിക്കും. വിശദ വിവരങ്ങൾക്ക് :- ജേക്കബ് പി. മാത്യു (ജന. സെക്രട്ടറി) ഫോൺ – 0474 – 2457707, 9847000691 Email. sunny.ymef@yahoo.com

### റ്റി.എം.എം.നുവേണ്ടി പ്രാർത്ഥിക്കുക.

ആദ്യകാല മിഷണറി ദർശനം നഷ്ടപ്പെടാതിരിക്കാനും അനവധി ആത്മിക ശുശ്രൂഷകൾ നടക്കുന്ന തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രി ഏത് ഉദ്ദേശത്തിൽ സ്ഥാപിക്കപ്പെട്ടോ അതിൽ നില നിൽക്കാനും ദൈവജനം വളരെ പ്രാർത്ഥിക്കേണ്ടതായിട്ടുണ്ട്. ഭക്തന്മാരുടെ കണ്ണുനീർ വീണ സ്ഥലമാണതെന്ന് ഏതു കാലത്തുമുള്ള ഭരണസമിതികൾ വിസ്മരിക്കരുത്. ചില വർഷങ്ങളിലേക്കു മാത്രം ചുമതലകൾ ഏൽപ്പിക്കപ്പെട്ട സഹോദരന്മാർ പ്രാർത്ഥനയോടും ദൈവഭയത്തിലും തീരുമാനങ്ങൾ എടുക്കുവാൻ ഇടയാകട്ടെ.

### തിരുവനന്തപുരം

തൈക്കോട്ടു കോണം. പ്രവർത്തനങ്ങൾ ഒരു വർഷമായി നടക്കുന്നു. സഹോ. ഡി വിക്ടർ ഇപ്പോൾ കുടുംബമായി താമസിക്കുന്ന സ്ഥലത്ത് കൂടിവരവിനുള്ള സൗകര്യങ്ങളില്ല. ആലുവിള എന്ന സ്ഥലത്തേക്ക് മാറി പ്രവർത്തനമാരംഭിക്കാനാഗ്രഹിക്കുന്നു. പരേതനായ സുവി. ഇ. ദേവദാസിന്റെ മകനാണ് വിക്ടർ. നെല്ലിക്കാകുഴി സഭയാണ് തന്നെ കമന്റ് ചെയ്തിട്ടുള്ളത്.D. Victor, Salem Mandiram, Nellikkakuzhi, Kanjiramkulam P.O., Trivandrum - 695524

### കൺവൻഷൻ

നെല്ലിക്കാക്കുഴി ബ്രദ്റൻ സഭയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 24,25,26 തീയതികളിൽ. ഗോസ്പൽ മ്യൂസിക്ക് ടീമിന്റെ ഗാനശുശ്രൂഷ.

### വൈ.എം.ഇ.എഫ് – മലബാർ

മലബാർ ഡിവിഷൻ വൈ.എം.ഇ.എഫ് സുവിശേഷ ക്യാമ്പ് ഡിസംബർ 3,4,5 തീയതികളിൽ മലപ്പുറം പാലേമാട് സഭാഹാളിൽ നടക്കും. പി.എസ്സ്. തമ്പാൻ, സാമുവൽ പി. ഏബ്രഹാം എന്നിവർ ശുശ്രൂഷിക്കും. –ജിജു ജോർജ്ജ്,സെക്രട്ടറി.

### മണിപ്പൂരിൽ മതപരിവർത്തന നിരോധന ബിൽ?

ക്രിസ്ത്യാനികൾ 35 ശതമാനത്തോളമുള്ള മണിപ്പൂർ സംസ്ഥാനത്ത് മതപരിവർത്തന നിരോധന ബിൽ വേണമെന്ന് ഇൻഡിജീനസ് പീപ്പിൾ ഫോറം എന്ന സംഘടന ഇംഫാലിൽ ആവശ്യപ്പെട്ടു.

## നമുക്കു ചുറ്റും

വർഗ്ഗീയ വാദികളാണ് ഇതിന്റെ പിന്നിലെന്ന് കരുതപ്പെടുന്നു. നിർബന്ധിത മതപരിവർത്തനം ശരിയല്ല. എന്നാൽ ഇത്തരം ബില്ലുകൾ ദുരുപയോഗിക്കപ്പെടുന്നു എന്നത് കഴിഞ്ഞ കാല അനുഭവങ്ങളിലൂടെ വ്യക്തമായിട്ടുണ്ട്.

### മലമ്പുഴ സഭ

7 സ്ഥലങ്ങളിൽ വി.ബി.എസ് നടന്നു 265 കുട്ടികൾ പങ്കെടുത്തു. നെല്ലിയാമ്പതി പഞ്ചായത്തിലെ പ്രവർത്തനങ്ങളും നടക്കുന്നു. ജൂലൈ 13 – 15 വരെ നടന്ന വിശേഷാൽ യോഗങ്ങളിൽ കർത്തൃദാസൻ കെ.വി. ഐസക്ക് പ്രസംഗിച്ചു. സണ്ടേസ്കൂൾ വാർഷികവും അനുഗ്രഹകരമായി നടത്തപ്പെട്ടു. – സുവി. കെ. ജോൺ വർഗീസ്

### നോർത്ത് ഇൻഡ്യാ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്

രാജസ്ഥാൻ: NIBI ഇരുപത്തിയഞ്ചു വർഷങ്ങൾ പിന്നിടുന്നു. ഇപ്പോൾ 16 വിദ്യാർത്ഥികൾ പഠിക്കുന്നു. ഫാക്കൽറ്റിക്കും വിദ്യാർത്ഥികൾക്കും കൂടുതൽ സൗകര്യം ലഭിക്കത്തക്ക വിധം നിലവിലുള്ള കെട്ടിടം വിപുലീകരിക്കുന്ന പണി മിക്കവാറും പൂർത്തിയായി. 2013 ഫെബ്രുവരിയിൽ മുൻവിദ്യാർത്ഥികളെയും അദ്ധ്യാപകരെയും വിശ്വാസികളെയും അടുത്ത പ്രദേശങ്ങളിലുള്ള സുവിശേഷകൻമാരെയും പങ്കെടുപ്പിച്ചുള്ള സ്തോത്ര സമ്മേളനം നടത്തുവാൻ ആഗ്രഹിക്കുന്നു. പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. – റ്റി.ജെ. ജോസഫ്.

### മഴക്കായി പ്രാർത്ഥിക്കാൻ കർണ്ണാടക സർക്കാർ

42 വർഷത്തിലെ ഏറ്റവും കൂടുതൽ വേനൽ അനുഭവിക്കുന്ന കർണ്ണാടകയിൽ 34000 ക്ഷേത്രങ്ങളിൽ പൂജകൾ നടത്തുവാൻ സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നു. ഇതിന് 17 കോടി രൂപ ചെലവു വരും. ഇതെപ്പറ്റി വിമർശനമുയർന്നപ്പോൾ ക്ഷേത്ര ഫണ്ടുകളിൽ നിന്നായിരിക്കും ഈ തുക കൊടുക്കുന്നതെന്ന് മന്ത്രി കെ.എസ് പൂജാരി അറിയിച്ചു. ക്രിസ്തീയ സഭകളോടും മുസ്ലീം പള്ളികളോടും പ്രാർത്ഥിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. തെക്കേ ഇൻഡ്യയിലെ വടക്കേ ഇൻഡ്യയായ കർണ്ണാടകയ്ക്കുവേണ്ടി ദൈവമക്കൾ പ്രാർത്ഥിക്കുക.


### മാത്യുപോൾ കേരളത്തിലേക്ക്

കർത്തൃദാസൻ മാത്യുപോൾ ശുശ്രൂഷയോടുള്ള ബന്ധത്തിൽ കേരളത്തിൽ താമസിക്കാൻ തീരുമാനിച്ചു. പത്തനംതിട്ട ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടാണ് താമസസൗകര്യം ക്രമീകരിക്കുന്നത്. ഭാര്യ ജോയിസിന്റെ വേർപാടിനെതുടർന്ന് മകൻ റ്റിമ്മിയുടെ കൂടെ ഹൈദരാബാദിലായിരുന്നു. കഴിഞ്ഞ രണ്ടു മാസത്തോളമായി ആയുർവേദ ചികിത്സയ്ക്കായി ചങ്ങനാശ്ശേരിയിലുള്ള ആശുപത്രിയിൽ കഴിയുന്ന തന്നോടൊപ്പം മകൾ ടിഫിയും കൂടെയുണ്ട്. 1991ലാണ് വൈറൽ പനിയെതുടർന്ന് രണ്ടു കാലുകൾക്കും തളർച്ച ഉണ്ടായത്. ഇന്റർനെറ്റിലൂടെയുള്ള ശുശ്രൂഷ തുടരുന്നു. പത്തനംതിട്ട ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ തുടർച്ചയായി ഇനി ക്ലാസ്സുകൾ എടുക്കുന്നതാണ്.

## മഹത്വത്തിൽ



**ഏലിയാമ്മ കോശി** (96) ഐക്കരേത്ത്, പുത്തൻകാവ്, പരേതനായ എ.എം. കോശിയുടെ ഭാര്യ. മക്കൾ: ജോർജ്ജ് കോശി, മറിയാമ്മ, പരേതയായ മോളി, കുഞ്ഞൂഞ്ഞമ്മ, ഗ്രേസി, ജോളി, സുസമ്മ, മാമ്മൻ കോശി. മരുമക്കൾ: ലില്ലിക്കുട്ടി, കഞ്ഞുമോൻ, തങ്കച്ചൻ, അനിയൻകുഞ്ഞ്, അനിയൻകുഞ്ഞ്, കൊച്ചുമോൾ, പരേതനായ ജോർജ്ജ് കുട്ടി, യോഹന്നാച്ചൻ.



**ജേക്കബ് ആൻഡ്രൂസ്** (59) കിഴക്കേപ്പറമ്പിൽ, പുതുപ്പള്ളി. ഭാര്യ അടൂർ കെങ്കേയിൽ സൂസമ്മ മക്കൾ:- സിറിൽ, സിസിൽ മരുമക്കൾ:- ബ്ലെസ്സി, ജോമോൻ.



**സാമുവൽ ജോൺ** (62) ഗ്ലോറി ഭവൻ, കൊട്ടാരക്കര ഭാര്യ:- മേരിക്കുട്ടി – പള്ളിപ്പാട്, തറയിൽ. മക്കൾ:- ചാൾസ്, മെർലിൻ, പ്രമോദ്. മരുമക്കൾ:- റീന, അജിത്, ജിൻസി.



**തോമസ് മാത്യു** (90) റാന്നി, ചേന്നംകര. ഭാര്യ:- പരേതയായ സാറാമ്മ പൊട്ടക്കുളത്ത്. മക്കൾ:- ലിസിക്കുട്ടി, രാജു, സോമൻ, ജോയിസ്, ജോളി, ഷാബു, സാജൻ, ജസ്സി. മരുമക്കൾ:- ജോസ്, ലാലു, സാലി, ബാബു, രാജു, നിമ്മി, സൂസൻ, സാം.

## പ്രയർ കലണ്ടർ

അനേകർക്കുവേണ്ടി "ഇടിവിൽ" നിൽക്കാൻ മനസ്സുള്ളവർക്ക് എല്ലാ ദിവസം നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ സഹായകരമായ നിലയിലാണ് പ്രയർ കലണ്ടർ ക്രമീകരിച്ചിരിക്കുന്നത്. റിന്യുവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ കൊടുത്തിട്ടുണ്ട്. (1 മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാമാണ്: 5 മിനിറ്റ് സ്തുതി, 5 മിനിറ്റ് സ്തോത്രം, 5 മിനിറ്റ് ഏറ്റുപറച്ചിൽ, 20 മിനിറ്റ് വചന ധ്യാനം, 20 മിനിറ്റ് മദ്ധ്യസ്ഥ പ്രാർത്ഥന, 5 മിനിറ്റ് സ്വന്തമായ അപേക്ഷാ വിഷയങ്ങൾ. മദ്ധ്യസ്ഥ പ്രാർത്ഥന സമയത്ത് പ്രയർ കലണ്ടർ ഉപയോഗിക്കാവുന്നതാണ്. ഈ പ്രോഗ്രാം അതേപടി ചെയ്യാൻ നിർബന്ധിക്കുന്നില്ല. ഏകദേശ ധാരണയ്ക്കുവേണ്ടിയാണ്. സ്വമേധയാ നടപ്പാക്കാൻ താൽപര്യമുള്ളവരുടെ സഹായത്തിനാണ് ഇതു നൽകുന്നത്. പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ PB No 2665, ബ്രോഡ്‌വേ, എറണാകുളം – 682031.

### ഞായർ
**സ്ഥലം സഭയ്ക്കു വേണ്ടി**

നമ്മുടെ സ്ഥലം സഭകളുടെ ഉണർവ്വിനായി, സഭയിൽ എല്ലാവരും ഐക്യത്തോടെ പ്രവർത്തിക്കുവാൻ. നന്നായി പോകുന്ന സഭകളിൽ വളരെ തന്ത്രപൂർവ്വം പിശാച് ഭിന്നതകളുണ്ടാക്കുന്നു. അപ്രതീക്ഷിത പ്രശ്നങ്ങളിലൂടെ സുവിശേഷീകരണം തടസ്സപ്പെടുന്ന നില നാം ഗൗരവമായിട്ടെടുക്കണം. യഥാർത്ഥ വിളിയുള്ള സുവിശേഷകന്മാരും മൂപ്പന്മാരും എഴുന്നേൽക്കാൻ പ്രാർത്ഥിക്കാം. 80കളിലെ നിലയിലേക്കു നമ്മുടെ യുവജനങ്ങൾ ആയിപ്പോകുന്നുവോ എന്നു ഭയപ്പെടണം. ആത്മീകത്വത്തിന്റെ ലക്ഷണം പ്രവർത്തനമാണെന്ന ചിന്താഗതി മാറണം. സങ്കീ. 85:6, വിലാപങ്ങൾ 5:21 വായിക്കുക. ആരാധനായോഗങ്ങൾ സജീവമാകാൻ. വചന ശുശ്രൂഷ ചെയ്യുന്നവർക്കായി പ്രത്യേകം. മുടങ്ങിക്കിടക്കുന്ന പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ. മക്കളുടെ മുൻപിൽ വച്ചും അല്ലാതെയും ശുശ്രൂഷ ചെയ്യുന്നവരുടെ കുറ്റം പറയാതിരിക്കാൻ (നേരിൽ പറയാത്തവ മറ്റുള്ളവരോട് പറയരുത്) സഭ ഉണർന്നാൽ സുവിശേഷീകരണമാണ് ഫലം. ഓരോ വിശ്വാസിയും കർത്താവുമായുള്ള കൂട്ടായ്മ ബന്ധത്തിൽ എപ്പോഴും തുടരാൻ. എങ്കിൽ മാത്രമേ അന്യോന്യമുള്ള കൂട്ടായ്മയും ഫലപ്രദമാകയുള്ളു. വചനധ്യാനം, പ്രാർത്ഥന ഇവ മുടങ്ങാതെ നടക്കുവാൻ.

### തിങ്കൾ
**അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി**

ഭരണാധികാരികൾ ദൈവത്തെ ഭയപ്പെടുവാൻ. പുതിയ രാഷ്ട്രപതി ശ്രീ പ്രണബ് കുമാർ മുഖർജിക്കും കുടുംബത്തിനും വേണ്ടി. ഭാര്യ സുവ്ര മുഖർജി. രാഷ്ട്രപതിയുടെ സെക്രട്ടറി മിസിസ്സ് ഒമിത പോൾ. ഉപരാഷ്ട്രപതിക്കുവേണ്ടിയും ശ്രീ. ഹമീദ് അർസാരി തെരഞ്ഞെടുക്കപ്പെടും എന്നു കരുതുന്നു. മുൻ രാഷ്ട്രപതി പ്രതിഭാ പാട്ടീലിനായും പ്രാർത്ഥിക്കാം. (രാജസ്ഥാനിൽ ഗവർണ്ണർ ആയിരിക്കേ മതപരിവർത്തന നിരോധന ബില്ലിനു താൻ അംഗീകാരം നൽകിയില്ല) പ്രധാന മന്ത്രി മൻമോഹൻസിംഗ്, മന്ത്രിമാർ, സെക്രട്ടറിമാർ ഇവർക്കായി. മതം മാറി ക്രിസ്ത്യാനികളാകുന്നവർക്കു മാത്രം ആനുകൂല്യമില്ല എന്ന നിയമം മാറുവാൻ, പുതിയ ധനകാര്യ മന്ത്രി പി. ചിദംബരം, ആഭ്യന്തര മന്ത്രി സുശീൽ കുമാർ ഷിൻഡെ. കേരളത്തിലെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, രാഷ്ട്രീയ നേതാക്കന്മാർ ഇവർ രക്ഷിക്കപ്പെടുവാൻ. ഹർത്താലുകൾ നടത്തി പ്രയാസം ഉണ്ടാക്കുന്ന നേതാക്കന്മാർ ഏതു പാർട്ടിയിൽ പെട്ടവരായാലും അവർക്കായി. സമാധാന അന്തരീക്ഷം നിലനിൽക്കുവാൻ. വർഗ്ഗീയ ശക്തികൾ, പ്രബലപ്പെടാതിരിക്കാൻ. ആസ്സാം മുഖ്യമന്ത്രി തരുൺ ഗൊഗോയ്. വംശീയ കലാപത്തെ തുടർന്ന് ദുരിതമനുഭവിക്കുന്നവർക്കായി. റയിൽ ഗതാഗതം കാര്യക്ഷമമായി നടക്കാൻ റയിൽവേ മന്ത്രി മുകുൾ റോയിക്കായി.

### ചൊവ്വ
**രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി**

രക്ഷിക്കപ്പെടാത്തവർക്കായി. കേരളത്തിൽ 19 ശതമാനം ക്രിസ്ത്യാനികളിൽ രക്ഷിക്കപ്പെടാത്തവർ വളരെ അധികം. ബന്ധുജനങ്ങളെ കണ്ട് അല്ലെങ്കിൽ വീട്ടിൽ വരുത്തി സുവിശേഷം പങ്കുവയ്ക്കുക. കുടുംബ യോഗങ്ങൾ നല്ല അവസരം. കണ്ണൂർ, കോഴിക്കോട് ജില്ലയിലെ രാഷ്ട്രീയ നേതാക്കളുടെ പേരുവിവരങ്ങൾ പത്രത്തിൽ നിന്ന് ശേഖരിച്ച് പ്രാർത്ഥിക്കുക. പോലീസ് ഉദ്യോഗസ്ഥന്മാർ, ജില്ലാ കളക്ടർമാർ, സ്ഥലം എം.പി, എം.എൽ.എ., പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ മെമ്പർമാർ, പ്രസിഡണ്ട്, ചെയർമാൻ, മേയർ എന്നീ സ്ഥാനങ്ങൾ വഹിക്കുന്നവർക്കായി പ്രത്യേകം. നാമധേയ ക്രൈസ്തവ സഭകളിലെ നേതാക്കന്മാർ രക്ഷിക്കപ്പെടുവാൻ. വീണ്ടും ജനനത്തിന്റെ അനുഭവങ്ങളില്ലാതെ പാരമ്പര്യമായി അനവധി പേർ ക്രിസ്ത്യാനികൾ എന്ന പേര് ധരിക്കുന്നു. സാഹിത്യകാരന്മാർ, സിനിമാ, താരങ്ങൾ ഇവർ രക്ഷിക്കപ്പെടുവാൻ ദൈവഭയത്തിൽ ജീവിക്കുവാൻ. ഗവ. ഡോക്ടർമാർ, പ്രൈവറ്റ് ആശുപത്രിയിലെ ഡോക്ടർമാർ, പി.ഡബ്ളിയു.ഡി. എൻജിനീയർമാർ, ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർ തുടങ്ങിയവർക്കായി. നിത്യം നാം കണ്ടുമുട്ടുന്നവർക്കായി.

### ബുധൻ
**സൗഖ്യമില്ലാത്തവർക്ക് വേണ്ടി**

സൗഖ്യമില്ലാത്തവരെയും അവരുടെ കുടുംബങ്ങൾക്കായും അവരെ ശുശ്രൂഷിക്കുന്നവരെ ഓർത്തും പ്രാർത്ഥിക്കാം. സാമ്പത്തിക ആവശ്യമുള്ളവരെ പ്രത്യേകം. ഡോ. മോളി പോൾ – ലുധിയാന 16 റേഡിയേഷൻ കഴിഞ്ഞു, ക്ഷീണിതയാണെങ്കിലും യോഗങ്ങൾക്കു മുടങ്ങാതെ പോകുന്നു. ഗ്രേസ് പോൾ – ചത്തിസ്ഗഡ്, ജ്യോസ്ന – ഒറീസ്സ (കഴുത്തിൽ ട്യൂമർ) ജെസ്സി ജോസഫ് – ഗോവ (ബ്രെയിൻ സർജറി) ഏബ്രഹാം വർഗീസ് – റായ്പൂർ, സുവിശേഷകൻ ഫിലിപ്പ് ഏബ്രഹാം – കല്ലിശ്ശേരി (മുട്ടുവേദന) സി.എ. സാമുവൽ – പത്തനംതിട്ട (ബ്ലഡ് ക്യാൻസർ), അമ്മിണി ഐസക് – കോട്ട, രാജസ്ഥാൻ, തോമസ് – ചാലക്കുടി (ബ്രെയിൻ ട്യൂമർ) വർഗീസ് തോമസ് – പത്തനാപുരം (കിഡ്നി തകരാറ്) മോഹനൻപിള്ള – ചുമത്ര (കിഡ്നി തകരാർ), കമലം ദേവദാസ് – തിരുവനന്തപുരം, ഏബ്രഹാം സാമുവൽ – ഡാളസ് (കാൻസർ) ജോർജ്ജ് കുരുവിള – പുല്ലാട് (ബോൺ കാൻസർ) പ്രിൻസി ജോണിക്കുട്ടി – കൊട്ടാരക്കര (ലുക്കീമിയ) ബെയ്‌ദ്രാജ് ബെസ്റ – പക്കാഞ്ചോർ (കാൻസർ) സുവി. പി. തങ്കച്ചൻ – പള്ളിച്ചൽ, പേർസിസ് – സുവി. ജോസഫ് പീറ്ററുടെ മകൾ, മെർലിൻ – മേപ്രാൽ, ഹെബ്സീബ മാത്യു (16) – സുവി. കെ.സി. മാത്യു (ഗയ) വിന്റെ മകൾ, സഹോദരൻ മാത്യു പോൾ (ആയുർവേദ ചികിത്സയിൽ) സൂസി പാണി (സാമ്പൽപൂർ)

### വ്യാഴം
**സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ**

ഭാരതത്തിന്റെ മിഷൻ ഫീൽഡിലേക്ക് കർത്താവ് അനേകരെ അയക്കാൻ പ്രാർത്ഥിക്കാം. ഈ നാളുകളിൽ സുവിശേഷ വയലിലേക്ക് ചുരുക്കം പേരെ പോകാറുള്ളു. സുവിശേഷ വേലക്കാരെയും കുടുംബാഗങ്ങളെയും ഓർത്ത്. മക്കളുടെ പഠനം, വിവാഹം തുടങ്ങിയ കാര്യങ്ങൾക്കായി. താമസസൗകര്യങ്ങൾക്കായി, എല്ലായിടത്തും സഭാ ഹോളുകൾ ആവശ്യമാണ്. മിഷൻ ഫീൽഡുകൾ സന്ദർശിക്കുവാൻ നമ്മുടെ യുവജനങ്ങളെ ഉത്സാഹിപ്പിക്കാൻ. കമന്റ് ചെയ്ത സഭയിൽ നിന്നും വർഷത്തിലൊരിക്കൽ എങ്കിലും ചെന്ന് അവരെ കാണാനും പ്രോത്സാഹിപ്പിക്കാനും മൂപ്പന്മാർക്കും വിശ്വാസികൾക്കും ഹൃദയഭാരം തോന്നാൻ. രാജസ്ഥാനുവേണ്ടി പ്രാർത്ഥിക്കാം. നോർത്ത് ഇൻഡ്യ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിനായും റ്റി.ജെ. ജോസഫ് – വൽസമ്മ (അൾവർ) എം.ജി. സാമുവേൽ – മേരിക്കുട്ടി (ജെയ്പൂർ) ഈപ്പൻ ജോർജ്ജ് – എൽസി (ഭിവാഡി) ജെയ്മോൻ കെ. സാം – മിൻസി (അൾവർ) ജെയിംസ് പോൾ – സൂസി (ബൻസ് വാഡാ) വൈ. തങ്കച്ചൻ – ലിസി (ഭിൽവാരാ) ജോസ് മാത്യു – സൂസൻ (ഹാത്തോജ്) കെ.എസ് ജോയി – മോളി (ജെയ്പൂർ) റ്റി.യു ചെറിയാൻ – മേഴ്സി (ജോഡ്പൂർ) സ്റ്റീഫൻ ചെറിയാൻ – സേറ (ജോഡ്പൂർ) എ.കെ. ഐസക് – അമ്മിണി (കോട്ടാ)...

### വെള്ളി
**ലോക രാജ്യങ്ങൾ**

സിറിയയ്ക്കുവേണ്ടി പ്രാർത്ഥിക്കാം. മദ്ധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലെല്ലാം അസ്വസ്ഥത പടരുകയാണ്. സിറിയൻ പ്രസിഡണ്ട് ബാഷർ അൽ അസദിനായും, മുസ്ലീം ബ്രദർ ഗുഡ്, വിമത സുന്നി പോരാളികൾക്കായും പ്രാർത്ഥിക്കാം. അലപ്പോയിലും മറ്റുമുള്ള ക്രിസ്ത്യാനികൾ കഷ്ടപ്പെടുന്നു. പീഡനങ്ങൾ വർദ്ധിക്കുന്നു. സിറിയയുടെ സമാധാനത്തിനായി. ചുറ്റുമുള്ള രാജ്യങ്ങൾ: ജോർദ്ദാനിൽ നമ്മുടെ സ്ഥലം സഭ ഉണ്ടാകാൻ. എബി – രൂപാ കുടുംബത്തിനായി. നടക്കുന്ന ബൈബിൾ സ്റ്റഡി, മറ്റും പ്രവർത്തനങ്ങൾക്കായി. ഇറാൻ: യാതൊരു മതസ്വാതന്ത്ര്യവുമില്ല. അനേകർ ജയിലിൽ കഴിയുന്നു. ഇറാഖ്: ഇപ്പോഴും അനവധി ചാവേർ സ്ഫോടനങ്ങൾ നടക്കുന്നു. അമേരിക്ക പൂർണ്ണമായി പിൻമാറിക്കഴിഞ്ഞാൽ ആ രാജ്യത്തിന്റെ ഭാവിയെപ്പറ്റി എല്ലാവർക്കും ഉൽകണ്ഠയുണ്ട്. ജനം കർത്താവിങ്കലേക്ക് തിരിയുവാൻ. ഇസ്രായേലിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കാം. മശീഹയെ ഏറ്റു പറയാനായി. പലസ്തീനിൽ സമാധാനം ഉണ്ടാകാനായി. ഈജിപ്റ്റിൽ പുതിയ പ്രസിഡണ്ട് തെരെഞ്ഞെടുക്കപ്പെട്ടെങ്കിലും സൈന്യത്തിന്റെ നിയന്ത്രണമുണ്ട്. ഈജിപ്തിലെ ക്രിസ്ത്യാനികളുടെ സുരക്ഷിതത്വത്തിനായി. മംഗോളിയയിലെ വിശ്വാസികൾക്കായി സഹോ. ടൈറ്റസ് ഈപ്പൻ ജോലിയോടൊപ്പം ചെയ്യുന്ന ശുശ്രൂഷകൾക്കായി.

### ശനി
**കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ**

ആശുപത്രിപ്രവർത്തനങ്ങൾക്കായി. ലുധിയാന, വെല്ലൂർ മെഡിക്കൽ കോളജുകൾക്കായി. ആന്ധ്രയിലെ അംബാജിപേട്ട വിമൻസ് ഹോസ്പിറ്റൽ, കണ്ണാശുപത്രി, നരസപ്പൂർ ആശുപത്രി എന്നിവ കാര്യക്ഷമമായി നടക്കാനായി. സങ്കേശ്വർ ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാർ, നേഴ്സുമാർ ഇവരെ ലഭിക്കാനായി. മിഷൻ ആശുപത്രികളിലെ സേവനത്തിനായി നമ്മുടെ സഭകളിലെ ഡോക്ടർമാർ പോകേണ്ടതിനായി. തിരുവല്ലാ റ്റി.എം.എം., വാഴൂർ, മന്ദമരുതി ബ്രാഞ്ചുകൾക്കായി. റ്റി.എം.എം. ഭരണ സമിതിക്കായി. മിഷനറി ദർശനം നിലനിൽക്കാനായി ദൈവഭക്തിയോടെ എല്ലാം നിയന്ത്രിക്കപ്പെടാനായി. അനേക രോഗികളും, കൂടെ വരുന്നവരും കർത്താവിനെ കണ്ടെത്തുവാൻ. പക്കാഞ്ചോർ ആശുപത്രിയിൽ ഇതുവരെ ഡോക്ടർമാരെ ലഭിച്ചിട്ടില്ല. കേരളത്തിന് പുറത്തുള്ള സ്കൂൾ പ്രവർത്തനങ്ങൾക്കായി. ബാംഗ്ലൂർ ക്ലാരൻസ്, പക്കാഞ്ചോർ ലൈഫ് അക്കാഡമിക്ക് സ്ഥലം ലഭിക്കുവാൻ തടസ്സങ്ങൾ മാറിക്കിട്ടുവാൻ, ബാലോദിലെ സ്കൂളിനായി. ബാംഗ്ലൂരിലെ അക്സെപ്റ്റ് പ്രവർത്തനങ്ങൾക്കായി. സഹോ. രാജു മാത്യുവിനായി. തിരുവല്ലയിലെ പോൾ തിമോത്തി ട്രെയിനിംഗ് സെന്റർ, മിഷണറി റിട്രീറ്റ് സെന്റർ ഇവയുടെ ആവശ്യങ്ങൾക്കായി. വേൾഡ് വിഷൻ സംഘടന ചെയ്യുന്ന സാമൂഹ്യ പ്രവർത്തനങ്ങൾക്കായി. അനേകർ സുവിശേഷത്തിന്റെ വെളിച്ചത്തിലേക്ക് വരാൻ (നേരിട്ട് സുവിശേഷ പ്രവർത്തനം നടത്താൻ അനുവാദമില്ല) സ്റ്റിവാർഡ് അസോസിയേഷൻ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കാൻ.

Printed and published by E. M. Varkey and Printed at Print Express for Thomson Press, Karimpatta Rd, Pallimukku, Cochin 682016 and published at: Edacheril House, Angamaly, Ernakulam.
Editor : Thomas Mathew. Type Setting & Layout : Design Enroute, Ekm.